**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1807 4.10.2016 -ൽ മറുപടിയ്ക്ക്

**കണ്ടശ്ശാംകടവ് ജലോത്സവത്തിന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവിൽ ഓണക്കാലത്ത് സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോൽസവത്തിന് ടൂറിസം വകുപ്പ് നൽകി വരാറുള്ള ധനസഹായത്തിനായി ടൂറിസം (ബി) വകുപ്പിന്റെ പരിഗണനയിലുള്ള 189/ബി2/2016 നമ്പർ ഫയലിൻമേൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; | എ) | നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | ഇക്കാര്യത്തിൽ ടൂറിസം ഡയറക്ടറേറ്റിൽ നിലവിലുള്ള ഫയലിന്റെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | ബി) യും സി) യും | മുൻ വർഷത്തെ ധനസഹായത്തിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിശദാംശം പരിശോധിച്ച് വരുന്നു. ടൂറിസം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | കുടിശ്ശിക ഉൾപ്പെടെ ധനസഹായം ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ